# കേരളസർവകലാശാല

നം.പി.ആർ.262/2023 തിരുവനന്തപുരം, തീയതി: 11/12/2023

## പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. ബോട്ടണി (എത്തനോബോട്ടണി & എത്തനോ ഫാർമക്കോളജി) റെഗുലർ & സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 ഡിസംബർ 18 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM online portal മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജനുവരി നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. സോഷ്യോളജി (റെഗുലർ, സപ്ലിമെന്ററി & മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 ഡിസംബർ 18 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് റെഗുലർ വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി വിദ്യാർത്ഥികൾ exams.keralauniversity.ac.in മുഖേനയും ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 മാർച്ചിൽ വിജ്ഞാപനം പ്രസിദ്ധീകരിച്ച ഒന്നാം സെമസ്റ്റർ ബി.എസ്സി. ബയോടെക്നോളജി (മൾട്ടിമേജർ) (350), ബി.എസ്സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (248), ബി.എസ്സി. ബോട്ടണി ആന്റ് ബയോടെക്നോളജി (247), ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2023 ഡിസംബർ 18 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.വോക്. ഫുഡ് പ്രോസസ്സിംഗ് (359), ബി.വോക്. ഫുഡ് പ്രോസസ്സിംഗ് ആന്റ് മാനേജ്മെന്റ് (356) എന്നീ പരീക്ഷകളുടെ പ്രാക്ടിക്കൽ 2023 ഡിസംബർ 12 മുതൽ അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. ടൈംടേബിൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് 2023 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ടെക്. (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2020 അഡ്മിഷൻ) 2020 സ്കീം പ്രാക്ടിക്കൽ പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# പരീക്ഷാഫീസ്

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ഒന്ന്, രണ്ട് സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം. (റെഗുലർ – 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2019 - 2020 അഡ്മിഷൻ, മേഴ്സി ചാൻസ് – 2017 - 2018 അഡ്മിഷൻ) ജനുവരി 2024 പരീക്ഷയ്ക്ക് പിഴകൂടാതെ 2023 ഡിസംബർ 19 വരെയും 150 രൂപ പിഴയോടെ ഡിസംബർ 22 വരെയും 400 രൂപ പിഴയോടെ ഡിസംബർ 26 വരെയും അപേക്ഷിക്കാം. അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ സി.വി. ക്യാമ്പ് ഫീസ് 300/- രൂപ, രജിസ്ട്രേഷൻ ഫീസ് – 50/- രൂപ, ഓരോ തിയറി പേപ്പറിനും – 150/- രൂപ വീതവും മാർക്ക് ലിസ്റ്റിന് 100/- രൂപയും ഒടുക്കേണ്ടതാണ്. ഇവയ്ക്ക് പുറമെ മേഴ്സി ചാൻസിന് അപേക്ഷിക്കുന്നവർ മൂന്നോ അതിൽക്കുറവോ പേപ്പറുകൾക്ക് അപേക്ഷിക്കുന്നപക്ഷം 4000/- രൂപയും മൂന്നിൽ കൂടുതൽ പേപ്പറുകൾക്ക് അപേക്ഷിക്കുന്നപക്ഷം ഓരോ പേപ്പറിനും 2500/- രൂപ വീതവും അധിക ഫീസായി ഒടുക്കേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on*9188526670, 9188526671, 9188526674, 9188526675
**Whats App No.** 8547330240